

# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 12 ISSUE : 03 MARCH 2017

**ഇടയ ലേഖനം**

## യഹോവയുടെ ദീപം

ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത

സദൃശ്യ വാക്യങ്ങൾ 20:27 "മനുഷ്യന്റെ ആത്മാവ് യഹോവയുടെ ദീപം"

ശരീരം, ആത്മാവ്, മനസ്സ് എന്നിവരുടെ സംയുക്തമാണ് മനുഷ്യൻ. ഇവ ഉദ്ഗ്രഥത്തോടെ സമ്മേളിച്ച് പ്രവർത്തിക്കുമ്പോൾ മനുഷ്യൻ "പൂർണ്ണ"നാകുന്നു ഈശ്വരൻ മനുഷ്യനെ സൃഷ്ടിച്ചപ്പോൾ, കുശവൻ പാത്രം മനയുന്നതുപോലെ, മണ്ണ് കൊണ്ട് രൂപപ്പെടുത്തിയ ശേഷം, മൂക്കിലൂടെ ജീവശ്വാസം ഊതിക്കയറ്റി 'ജീവനുള്ള' വ്യക്തിയാക്കി തീർത്തു എന്ന് വിശുദ്ധ ഗ്രന്ഥം പറയുന്നു. ഈ മൂന്നു ഘടകങ്ങളിൽ ശരീരം മാത്രമേ ദൃശ്യമായി വരുന്നുള്ളൂ. (ദൃശ്യമാകാത്ത സൂക്ഷ്മ ശരീരമുള്ള ജീവികളുമുണ്ടെന്നതും പ്രസ്താവ്യമാണ്.) ആത്മാവ്, മനസ്സ് എന്നിവയെ കാണാനോ, സ്പർശിക്കാനോ കഴിയുന്നില്ല. എന്നാൽ അവയുടെ പ്രവർത്തനങ്ങൾ വഴി അവയെ ഗ്രഹിക്കാം. ഇച്ഛാശക്തി, തെരഞ്ഞെടുക്കാനുള്ള പ്രാവീണ്യം എന്നിവ മനസ്സുമായി ബന്ധപ്പെട്ടിരിക്കുന്നു. ശരീരമാണ് പ്രവർത്തികൾ ചെയ്യുന്നത്. പഞ്ചേന്ദ്രീയങ്ങളിലൂടെ നൂതനമായ അറിവുകൾ മനസ്സിൽ കൈമാറുന്നതും ശരീരം തന്നെ, ആത്മാവിനെ, 'ആത്മീക'വുമായാണ് ബന്ധപ്പെടുത്തുന്നത്, കാരണം ദൈവം ആത്മാവാണ്. ഈശ്വരാരാധന നടത്തുന്നത്, ആത്മാവിലും സത്യത്തിലുമായിരിക്കണം എന്നാണ് യേശുക്രിസ്തു പഠിപ്പിച്ചതും. അപ്പോൾ, ശരീരവും മനസ്സും അടങ്ങി, ഏകാഗ്രമായി, ആത്മാവിലൂടെ, പരമാത്മാവായ ദൈവവുമായി സമ്പർക്കത്തിൽ വരാം എന്നാണ് സൂചന !



"ജീവൻ" ദൈവദാനമാണല്ലോ. ശരീരം, മനസ്സ്, ആത്മാവ് എന്നിവയെ ചൂഴ്ന്നു നിൽക്കുന്നതാണ് ജീവൻ. ശരീരം പ്രവർത്തനരഹിതമായാൽ ജീവൻ അകലും. ജീവൻ ഈ ത്രിവിധ ഘടകങ്ങളെ സമന്വയിപ്പിക്കുന്നു എന്നു പറയാം. ഇവയിൽ, ആത്മാവിനെ ഈശ്വരാംശമായി ഗണിക്കപ്പെടുന്നു. ആത്മാവ്, അതിന്റെ പരിശുദ്ധിയിലും, അനന്തതയിലും, ശരീരത്തെയും മനസ്സിനെയും വരുതിയിൽ കൊണ്ടുവരുമ്പോഴേ മനുഷ്യൻ ഉത്തമ മനുഷ്യനാകുകയുള്ളൂ. ശരീരവും മനസ്സും അനിയന്ത്രിതമായി, സ്വേച്ഛയെന്ന സ്വാർത്ഥതയിൽ മുങ്ങിയാൽ, ആത്മാവിന്റെ സദുദ്ദേശങ്ങൾ പരാജിതമാകും.

ഒരർത്ഥത്തിൽ, നിർമ്മലമായ ആത്മാവ് അകാരണത്തിൽ ദുഃഖിതമാകും. 'ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്.' എന്ന പ. പൗലൂസ് അപ്പോസ്തലന്റെ ആപ്തവാക്യം ഇവിടെ പ്രസക്തമാകുന്നു.

(ശേഷം 4-ാം പേജിൽ)

## മാറ്റത്തിനുവേണ്ടിയുള്ള ദൈവീക തെരഞ്ഞെടുപ്പ്

കെ.കെ. ജോർജ്ജ്



മാർച്ച് മാസം 1-ാം തീയ്യതി ചേർന്ന മലങ്കര സുറിയാനി ക്രിസ്ത്യൻ അസോസ്സിയേഷൻ നമ്മുടെ ഇടവകാംഗമായ ശ്രീ. ജോർജ്ജ് പോളിനെ അൽമായ ട്രസ്റ്റിയായും, ഫാ.ഡോ.എം.ഒ. ജോണിനെ സഭാ വൈദിക ട്രസ്റ്റിയായും തെരഞ്ഞെടുത്തു. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ മാർ ഏലിയാ കത്തീഡ്രൽ അങ്കണത്തിലെ ബസേലിയോസ് നഗറിൽ ചേർന്ന അസോസ്സിയേഷൻ യോഗത്തിലായിരുന്നു തെരഞ്ഞെടുപ്പ്. 141 മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെ തെരഞ്ഞെടുപ്പും ഈ യോഗം അംഗീകരിച്ചു. തെരഞ്ഞെടുപ്പിന് മുൻ ഡയറക്ടർ ജനറൽ ഓഫ് ഫോറിൻ ട്രേഡ് ശ്രീ.കെ.ടി. ചാക്കോ ഐ.എ.എസ്. മുഖ്യ വരണാധികാരിയായിരുന്നു. ലോകമെമ്പാടുമുള്ള ഇന്ത്യൻ ഓർത്തഡോക്സ് പള്ളികളിലെ 4092 വൈദിക, അൽമായ പ്രതിനിധികളാണ് അസോസ്സിയേഷനിൽ വോട്ടു ചെയ്യുവാനായി പങ്കെടുത്തത്. നമ്മുടെ സഭയുടെ ഭരണഘടന ജനാധിപത്യ മര്യാദകളും, എപ്പിസ്കോപ്പൽ ഭരണ ശൈലിയും പരസ്പരം പൂരകങ്ങളായി സമ്മേളിക്കുന്നതാണെന്നുള്ളത് പ്രത്യേകതയാണ്.

### തെഞ്ഞെടുപ്പുദിനം-കത്തീഡ്രൽ ഇടവകാഗംങ്ങളുടെ സഹകരണം

മാർച്ച് 1-ാം തീയതി രാവിലെ 7.00 മണിയോടെ നമ്മുടെ കത്തീഡ്രലിൽനിന്ന് മൂന്നു ടെമ്പോ വാനുകളും കാറുകളും സമ്മേളന നഗരമായ കോട്ടയം ഏലിയാ ചാപ്പലിലേക്ക് തിരിച്ചു. വികാരി ജിജു വർഗ്ഗീസച്ചന്റെ നേതൃത്വത്തിൽ OCYM, MGOCSM എന്നീ സംഘടനകളിൽപെട്ടവർ മുൻനിരയിൽ ഉണ്ടായിരുന്നു. കത്തീഡ്രലിലെ അസോസ്സിയേഷൻ അംഗങ്ങളും യാത്രയിൽ ഒരുമിച്ചുണ്ടായിരുന്നു. ഞങ്ങൾ സമ്മേളനസ്ഥലത്ത് ജോർജ്ജ് പോളിനു വേണ്ടി പ്രവർത്തനം തുടരുവാനായിരുന്നു തിരിച്ചത്. കോട്ടയം അംബാസിഡർ ഹോട്ടലിൽനിന്ന് രാവിലെ ഭക്ഷണം കഴിച്ച് അടുത്തുതന്നെയുള്ള സമ്മേളന നഗ

(ശേഷം 4-ാം പേജിൽ)





**വികാരിയുടെ കത്ത്**

## പരിശുദ്ധ നോമ്പേ സമാധാനത്താലേ വരിക...

ഫാ. ജിജു വർഗ്ഗീസ്

പ.സഭയുടെ ആചാരാനുഷ്ഠാനങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു അനുഷ്ഠാനമാണ് നോമ്പ്.

ആത്മ ശരീര മനസ്സുകൾക്ക് സൗഖ്യം നൽകുന്ന ഈ നോമ്പ്, ശരിയായ മാനസാന്തരത്തിനും, പശ്ചാത്താപത്തിനും വിശ്വാസികളെ ഉത്തേജിപ്പിക്കുന്നു. ആത്മാവിന്റെ സൗന്ദര്യം തിരികെ ലഭിക്കുവാനും, തന്മൂലം ദൈവത്തിനും ലോകത്തിനും പ്രയോജനമുള്ളവരായി രൂപാന്തരപ്പെടുവാനും സമാധാനം, ദൈവഭക്തി, വിശ്വാസം ദൈവാശ്രയം ഇവ വർദ്ധിച്ച് ജീവിതം പ്രത്യാശ നിറഞ്ഞതായി തീരുവാനും, തക്കവണ്ണം നമുക്കായി കരുതിവച്ച അമൂല്യ സമ്പത്താണ് വി. നോമ്പ്.

നോമ്പ് വീര്യമേറിയ ഔഷധമാണ്. മനുഷ്യന്റെ സാമൂഹികവും, മാനസികവും, ശാരീരികവും,ആത്മീകവുമായ വളർച്ചക്കായാണ് സഭ നോമ്പ് ക്രമപ്പെടുത്തിയിരിക്കുന്നത്. നമ്മുടെ ശരീരം ദൈവത്തിന്റെ മന്ദിരമാണ്. ഈ മന്ദിരത്തെ വിശുദ്ധീകരിക്കുവാനും ദൈവമുമ്പാകെ സമർപ്പിക്കുവാനും ഈ നോമ്പുമൂലം സാധ്യമാകണം. Lent is the time to transform our life. യഥാർത്ഥ രൂപാന്തരം എന്നു പറയുന്നത്, നമ്മിൽ പാപം ഉണ്ടെന്നുള്ള അംഗീകാരം മാത്രമല്ല, മറിച്ച്, പാപ വഴികളെ ഉപേക്ഷിക്കുവാനും ദൈവവും മനുഷ്യനുമായി അനുരഞ്ജനപ്പെടുവാനും (Reconcile) സാധിക്കണം. അതിന് പ്രകാശദായകമായ അഞ്ച് കർമ്മങ്ങൾ നോമ്പിൽ അടങ്ങിയിരിക്കുന്നു.

1. പ്രാർത്ഥന 2. ഉപവാസം, 3. വി.കുമ്പസാരം, 4. വി.കുർബ്ബാന സ്വീകരണം, 5. ദാനധർമ്മാദികൾ നടത്തുക. വി.മത്തായി 17:21 ൽ യേശുതമ്പുരാൻ പറയുന്നു. "എങ്കിലും പ്രാർത്ഥനയാലും ഉപവാസത്താലും അല്ലാതെ ഈ ജാതി നീങ്ങിപ്പോകുന്നില്ല എന്ന്." ഉപവാസം ശരീരത്തെയും, പ്രാർത്ഥന ആത്മാവിനെയും ദുഷ്പ്രേരണകളിൽ നിന്ന് സംരക്ഷിക്കുന്നു. യേശുക്രിസ്തുവും, മോശയും, ഏലിയാവും നാൽപ്പതു ദിവസം ഉപവസിച്ചു. അതിൽക്കൂടി ആത്മീയ ശക്തിയും ദൈവിക കൃപയും വർദ്ധിപ്പിച്ചു. അപ്പോസ്തോലൻമാർ, പ്രവാചകന്മാർ, ഗുരുക്കന്മാർ ഉപവസിച്ചു പ്രാർത്ഥിച്ചു. ഇത് മറ്റുള്ളവരെ കാണിക്കുവാൻ വേണ്ടിയല്ല മറിച്ച് ആത്മീയ ശക്തി ഉൾക്കൊണ്ട് പൈശാചിക ശക്തികളെ അതിജീവിച്ച് ദൈവരാജ്യ പ്രവേശനത്തിന് ഒരു മുഖാന്തിരമാകുവാൻ വേണ്ടിയാണ്. വി. മത്തായി 6:17 നീയോ ഉപവസിക്കുമ്പോൾ, നിന്റെ ഉപവാസം മനുഷ്യർക്കല്ല, രഹസ്യത്തിലുള്ള നിന്റെ പിതാവിന് വിളങ്ങേണ്ടതിന് തലയിൽ എണ്ണതേച്ച് മുഖം കഴുകുക. രഹസ്യത്തിൽ കാണുന്ന നിന്റെ പിതാവ് നിനക്ക് പ്രതിഫലം നൽകും.

നോമ്പ്, ആന്തരീക തീർത്ഥാടന കാലമാണ്. ഇന്ത്യൻ ഭാഷകളിൽ തീർത്ഥാടനം എന്നാൽ "അക്കരെ എത്തുക" എന്നതാണ്. ഇത് ഒരു സമുദ്രയാത്രയോട് ഉപമിക്കാവുന്നതാണ്. നല്ല പരിശീലനവും, അനുഭവവും ഉള്ള ഒരു നാവികന് മാത്രമേ ഒരു നൗകയെ മഹാസമുദ്രത്തിലൂടെ നയിക്കാനാവൂ. ഒരിക്കലും കടൽയാത്ര ചെയ്യാത്തവർക്ക് കപ്പൽ കിട്ടിയാലും പ്രയോജനമില്ല. അതിനെ എങ്ങനെ ഓടിക്കണമെന്നും ക്ഷോഭിച്ചിരിക്കുന്ന കടൽ എങ്ങനെ തരണം ചെയ്യണമെന്നും നാവികൻ അറിഞ്ഞിരിക്കണം. ജീവിതമാകുന്ന സമുദ്രം കടന്ന് മറുകരയെത്തണമെങ്കിൽ, പ്രാർത്ഥനയും ഉപവാസവും ആകുന്ന തീവ്രമായ പരിശ്രമം നമുക്കാവശ്യമാണ്. തിരമാലകളും, ചുഴലികളും നിറഞ്ഞ ഈ യാത്ര വിജയകരമായി പൂർത്തീകരിച്ചെങ്കിലേ, രക്ഷാ തുറമുഖത്ത് നാം എത്തിച്ചേരുകയുള്ളൂ.

ആധുനിക ലോകത്തിൽ മോട്ടോർ വാഹനങ്ങളിൽ (GPS) Global Positioning System ഉപയോഗിക്കുന്നതുപോലെ, അതായത് നമുക്ക് പോകേണ്ട സ്ഥലം പറഞ്ഞുകൊടുത്താൽ, വാഹനത്തിനകത്തുള്ള ചെറിയ കമ്പ്യൂട്ടർ സ്ക്രീനിൽ അവിടേക്കുള്ള വഴി തുടർച്ചയായി നമുക്ക് കാണിച്ചുതരും. കമ്പ്യൂട്ടറിന്റെ നിർദ്ദേശം അവഗണിച്ച് തെറ്റായ വഴി നാം തെരഞ്ഞെടുത്താലും, ആ തെറ്റ് നമ്മോടു "ക്ഷമിക്കുകയും" പുതിയൊരു വഴി കണ്ടുപിടിച്ച് ലക്ഷ്യസ്ഥാനത്ത് നമ്മെ എത്തിക്കുകയും ചെയ്യും. കാരണം ഭൂമിയുടെ ഭ്രമണപഥത്തിൽ കറങ്ങുന്ന സാറ്റ്ലൈറ്റുകളുമായി GPS ബന്ധിപ്പിച്ചിട്ടുണ്ട്.



1815 ജനുവരി 10 ന് ജനിച്ച്, 1894 ൽ കാലം ചെയ്ത റഷ്യൻ ഓർത്തഡോക്സ് സഭയിലെ പണ്ഡിതനായ സന്യാസി ശ്രേഷ്ഠനാണ് വി. തെയോഫാൻ, അദ്ദേഹം പറയുന്നത്, നമ്മുടെ തീർത്ഥാടനത്തിന്റെ അകവും, പുറവും, ചുറ്റുപാടുകളും അറിയണമെങ്കിൽ, ക്രിസ്തുവുമായിട്ടുള്ള ബന്ധം ശക്തമായിരിക്കണം. വാഹനങ്ങൾക്ക് GPS പോലെ നമുക്ക് SPS (Spiritual Positioning System) ഉണ്ടായിരിക്കണം. ക്രിസ്തുവുമായിട്ടുള്ള നിരന്തരമായ ബന്ധത്തിൽ കൂടി നമ്മുടെ ആത്മാവിന്റെ ഉൾത്തലങ്ങളും, അവയിലെ സൂക്ഷ്മമായ വഴിത്താരകളുമാണ് ഈ സിസ്റ്റം നമുക്ക് വെളിപ്പെടുത്തിത്തരുന്നത്. ഇത് സാധ്യമാകുന്നത് പ്രാർത്ഥന, ഉപവാസം, വി. കുമ്പസാരം, വി. കുർബ്ബാന സ്വീകരണം, ദാനധർമ്മാദികൾ എന്നിവയിൽക്കൂടിയാണ്. ഈ തരുണത്തിൽ പ.പരുമല തിരുമേനിയുടെ വചനം സ്മരണീയമാണ്. "പ്രാർത്ഥനയെന്നത് ശൈശവത്തിന്റെ ഉൽസാഹവും, യൗവ്വനത്തിലെ ആശ്രയവും, വാർദ്ധക്യത്തിലെ സമാധാനവുമാകുന്നു".

ഉപവാസത്തിൽക്കൂടി ശരീരത്തിന് ഒരു പോരായ്മ തോന്നണം. കുറച്ച് വേദനയും, വിശപ്പും, ക്ഷീണവും, ഒക്കെ അനുഭവിക്കണം. മനസ്സിനെയും, മനസ്സാക്ഷിയെയും ശുദ്ധീകരിക്കണം.

ഗാന്ധിജിയുടെ "ആത്മകഥ അഥവാ എന്റെ സത്യാന്വേഷണ പരീക്ഷണ കഥ" എന്ന പുസ്തകത്തിൽ അദ്ദേഹം ഇപ്രകാരം പറഞ്ഞിരിക്കുന്നു. ആത്മനിയന്ത്രണത്തിനായി ഉപവാസം അനുഷ്ഠിച്ചാൽ മാത്രമേ മൃഗീയ വികാരങ്ങളെ നിയന്ത്രിക്കാൻ അത് സഹായകമാവൂ. ഉപവാസവും അതുപോലുള്ള നിഷ്ഠകളും ആത്മസംയമനത്തിലെത്താനുള്ള മാർഗ്ഗങ്ങളിലൊന്നാണ്. എന്നാൽ അതുകൊണ്ട് മാത്രമായില്ല, ശാരീരികമായ ഉപവാസം മാനസികമായ ഉപവാസത്തോടു കൂടിയതല്ലെങ്കിൽ അത് കപടനാട്യത്തിലും നാശത്തിലും എത്തിച്ചേരുമെന്ന് തീർച്ചയാണ്. വി. കുമ്പസാരം തീർച്ചയായും നടത്തിയിരിക്കണം. മനഃസാക്ഷിക്ക് ഭാരമാകുന്ന ഓരോ പാപവും അനുതാപത്താൽ ഉടനെ കഴുകിക്കളയണം. അതല്ലെങ്കിൽ പാപം കൃപാവരത്തെ അകറ്റും. പ്രാർത്ഥനയിലെ ധൈര്യം അപഹരിക്കും. ഹൃദയത്തെ മന്ദീഭവിപ്പിക്കും. എപ്പോഴും അനുതാപത്തിന്റെ ചിന്ത നമ്മിലുണ്ടാകണം. വി. കുർബ്ബാനയിൽ സംബന്ധിക്കുവാൻ സാധിക്കുമ്പോഴെല്ലാം സംബന്ധിക്കണം, കഴിവുള്ളടത്തോളം വി. കുർബ്ബാന അനുഭവിക്കണം. അത് നമ്മിലുള്ള ചൈതന്യം വർദ്ധിപ്പിക്കും. നമ്മളാൽ ആകുന്ന സഹായങ്ങൾ മറ്റുള്ളവർക്കു ചെയ്യണം. വേദനിക്കുന്നവന് സാന്ത്വനം ആകുവാനും, കരയുന്നവന്റെ കണ്ണുനീർ ഒപ്പുവാനും നമുക്ക് ഈ നോമ്പിൽക്കൂടി സാധ്യമാകണം. ദശാംശം ദൈവത്തിനാണെന്ന് എപ്പോഴും ഓർക്കുക. ഈ വിശുദ്ധ നോമ്പിന്റെ പ്രാരംഭം അനുഗ്രഹീതമായിരുന്നതുപോലെ ഇതിന്റെ അവസാനവും അനുഗ്രഹീതമായി തീരട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ കർത്താവായ യേശുമശിഹ തന്റെ നോമ്പിന്റെ അന്ത്യത്തിൽ സാത്താനെ തോൽപ്പിച്ച്, സാത്താനെ എന്റെ പിന്നിൽ പോവുക എന്ന് അവനോട് പറഞ്ഞ പ്രകാരം നമുക്കും പറയുവാൻ സാധ്യമാവട്ടെ. ഈ നോമ്പിൽക്കൂടെ യേശുക്രിസ്തുവിന്റെ കഷ്ടാനുഭവത്തിൽ പങ്കാളിയാകാനും അവന്റെ ദിവ്യമായ ഉത്ഥാനത്തിന്റെ മഹത്വം ദർശിക്കുവാനും നമുക്കിടയാവട്ടെ എന്ന് പ്രാർത്ഥിക്കാം അതിനായി **പരിശുദ്ധ നോമ്പേ സമാധാനത്താലേ വരിക...** ■





## മലങ്കര അസോസ്സിയേഷൻ അയ്മേനി ട്രസ്റ്റിയായി തിരഞ്ഞെടുക്കപ്പെട്ട ജോർജ്ജ് പോളിനും അസോസ്സിയേഷൻ മാനേജിംഗ് കമ്മിറ്റി അംഗമായി നോമിനേറ്റ് ചെയ്യപ്പെട്ട സി.കെ.സണ്ണിക്കും കത്തീഡ്രലിൽ നൽകിയ സ്വീകരണം









### മാമോദീസ

എളംകുളം വരയന്നൂർ ശ്രീ. ഡിപിൻ എം. തോമസിന്റെയും ശ്രീമതി റീന രാജൻ മത്തായിയുടെയും മകൻ **Nathan Thomas Dipin** 31.12.2016 ൽ മാമോദീസാ സ്വീകരിച്ചു.

കലൂർ ജഡ്ജസ് അവന്യൂ പുത്തൻപുരക്കൽ ഡോ. ജേക്കബ് ജോസഫിന്റെയും, ശ്രീമതി റോഷ്നി ജേക്കബിന്റെയും മകൾ **Nia Elizabeth Jacob** 24.02.2017-ൽ മാമോദീസാ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു*

### വിവാഹം

എളംകുളം കണ്ണനാക്കൽ പരേതനായ ശ്രീ. കെ.വി. പ്രിൻസിന്റെയും ശ്രീമതി ഉഷ പ്രിൻസിന്റെയും മകൻ **പ്രിജീഷ് പ്രിൻസും** തൃക്കാക്കര കൊല്ലം പറമ്പിൽ **മറിയമും** (K.A.Sajna) 19.02.2017-ൽ കത്തീഡ്രലിൽ വിവാഹിതരായി.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

### ഫാമിലി അസോസ്സിയേഷൻ :



കത്തീഡ്രൽ ഫാമിലി അസോസ്സിയേഷന്റെ ആഭിമുഖ്യത്തിൽ 18.02.17 ശനിയാഴ്ച്ച കടമക്കുടി, ഏരൂർ, ഞാറയ്ക്കൽ, വരാപ്പുഴ, കായലുകളിൽ കൂടി ഗ്രാമാന്തരീക്ഷത്തിലൂടെയുള്ള ഒരു ബോട്ട്-വിനോദയാത്ര നടത്തി.

**മെൽത്തൊ 2017** എറണാകുളം ഓർത്തഡോക്സ് ഗോസ്പൽ കൺവെൻഷൻ മാർച്ച് 10, 11, 12 തീയ്യതികളിൽ

### പ്രാർത്ഥനാ യോഗങ്ങൾ

| St. George Unit (Kaloor Area) 05-03-2017 - 4 pm | St. Gregorios Unit (Elamkulam-Kadavanthra Area) 26-03-2017 - 4 pm |
|---|---|
| ഡോ. സി.ഐ. ബെന്നി മാത്യു | ശ്രീ. പ്രിൻസ് ഇ ചാണ്ടി |
| ചീരൻ ഹൗസ്, സ്പൈസസ് സ്ട്രീറ്റ് | ഈരാളിൽ ഹൗസ്, 9 C, |
| ലിസ്സി ഹോസ്പിറ്റലിന് സമീപം, കൊച്ചി. | സിൽവാൻ ഹൈറ്റ്സ്, കടവന്ത്ര. |
| Ph: 2401829, Mob: 9961246733 | Ph: 2311119, Mob: 9446388119 |

### മർത്തമറിയം വനിതാ സമാജ അംഗങ്ങളുടെ വിനോദയാത്ര



2017 ഫെബ്രുവരി 15-ാം തീയ്യതി സമാജ അംഗങ്ങൾ ചെമ്പിനു സമീപമുള്ള കാട്ടിക്കുന്ന് പാലക്കാരി മീൻ വളർത്തൽ കേന്ദ്രവും അക്വാടൂറിസം സെന്ററും സന്ദർശിച്ചു.

### നിര്യാതരായി



കലൂർ ഷേണായ് റോഡ് മട്ടക്കൽ **എം.ജേക്കബ് വർഗ്ഗീസ്** (85) 11.02.17 ൽ നിര്യാതനായി. 12.02.2017 ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ അടക്കം ചെയ്തു.



എറണാകുളം ഫോർഷോർ റോഡ്, മഴുവഞ്ചേരി പറമ്പത്ത് (3 A Infra) **അന്ന ജേക്കബ്** (76) 12.02.17 ൽ നിര്യാതയായി. 14.02.17 ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.



എറണാകുളം ടി.ഡി. റോഡ് പുത്തൻപുരക്കൽ പ്രബാത് **ഷീല റോയ്** (72) 16.02.17 ൽ നിര്യാതയായി. 17.02.17 ൽ എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

തിരുവാങ്കുളം ആലക്കൽ **മറിയാമ്മ ഐവാൻ** (62) 17.02.17ൽ നിര്യാതയായി. എളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*ആദരാഞ്ജലികൾ*





(ഇടയലേഖനം തുടർച്ച)

സദൃശ്യ വാക്യങ്ങൾ മനുഷ്യാത്മാവിനെ ദൈവം മനുഷ്യനിൽ സ്ഥാപിച്ചിരിക്കുന്ന ദീപമായി അവതരിപ്പിച്ചിരിക്കുന്നു. ആ വെളിച്ചത്തിലാണ് പ്രവർത്തന ശേഷിയുള്ള ശരീരവും, ചിന്താ ശക്തിയുള്ള മനസ്സും നീങ്ങേണ്ടത്. വെളിച്ചമുണ്ടെങ്കിലേ, പൊരുൾ എന്തെന്ന് ഗ്രഹിക്കാനാവൂ. അങ്ങനെയായാൽ, ആത്മാവിന്റെ, അതാതു സമയത്തുള്ള ആദ്ദേശങ്ങൾക്ക് ചെവികൊടുക്കണമെന്ന് സാരം. ആ വെളിച്ചം മങ്ങിപ്പോകാനോ, തിരസ്കരിക്കപ്പെടാനോ പാടില്ല. ശരീരം ഇല്ലാതെയായാലും ആത്മാവ് ജീവിക്കും. നിര്യാണ വേളയിൽ, തന്റെ ആത്മാവിനെ, പിതാവാം ദൈവത്തെ തിരികെ ഏൽപ്പിക്കുന്ന ലോക രക്ഷകൻ നമുക്ക് നൽകുന്ന വലിയ തിരിച്ചറിവാണത്.

നമ്മിൽ തലയുയർത്താവുന്ന ഭൗതികവും സ്വാർത്ഥപരവും അവിശുദ്ധവുമായ പ്രേരണകളെ തടഞ്ഞു നിർത്താൻ "യഹോവയുടെ ദീപ"മായ ആത്മാവിനെ അനുവദിക്കുമെങ്കിൽ നാം ധന്യരായി. ആകയാൽ ആത്മാവിന്റെ ആദ്ദേശങ്ങൾക്ക് ചെവികൊടുക്കാം.
ആത്മാവിനെ അനുസരിച്ചു നടക്കാം. ■

(മാറ്റത്തിനുവേണ്ടിയുള്ള..... തുടർച്ച)

റിലേക്ക് പുറപ്പെട്ടു. അസോസ്സിയേഷൻ അംഗങ്ങളായ ഏകദേശം അയ്യായിരം പേർക്ക് മാത്രമേ സമ്മേളനസ്ഥലത്തേക്ക് പ്രവേശനം ഉണ്ടായിരുന്നുള്ളൂ. കത്തീഡ്രലിലെ അസോസ്സിയേഷൻ അംഗങ്ങളായ 7 പേർ (ജോർജ്ജ് പോളും, ജിജു അച്ചനും ഉൾപ്പെടെ) സമ്മേളനനഗറിൽ പ്രവേശിക്കുകയും ബാക്കിയുള്ള നമ്മുടെ സഹോദരങ്ങൾ ചാപ്പലിന്റെ ഗേറ്റിനു പുറത്ത് റോഡരികിൽനിന്ന് ഇലക്ഷൻപ്രചരണം തുടരുകയും ചെയ്തു. സമ്മേളനനഗറിൽ പ്രവേശിച്ച അംഗങ്ങളെ ഇലക്ഷൻ കഴിയുന്നതുവരെ പുറത്തുപോകുവാൻ അനുവദിച്ചിരുന്നില്ല. എല്ലാവർക്കും നല്ല രീതിയിൽ ഭക്ഷണത്തിനുള്ള ക്രമീകരണം നടത്തിയിരുന്നു.

ഏലിയാ ചാപ്പലിലെ പ്രാർത്ഥനയ്ക്കുശേഷം ഉച്ചയ്ക്ക് രണ്ടേകാൽ മണിയോടെ മുകൾ തുറന്ന കാറിൽ പരിശുദ്ധ ബാവായേയും, കാൽനടയായി മാനേജിംഗ് കമ്മിറ്റിയംഗങ്ങളേയും സമ്മേളന നഗറിലേക്ക് ആനയിച്ചു. 2.30 ന് ആരംഭിച്ച അസോസ്സിയേഷൻ സമ്മേളനത്തോടനുബന്ധമായി നടന്ന തെരഞ്ഞെടുപ്പ് 4.30 ന് അവസാനിച്ചു. എല്ലാവരുടേയും സാന്നിദ്ധ്യത്തിൽ ബാലറ്റ്പെട്ടികൾ താഴിട്ടുപൂട്ടി അടുത്തുതന്നെയുള്ള വോട്ടെണ്ണൽ കേന്ദ്രത്തിലേക്ക് മാറ്റി. വോട്ടെണ്ണൽ തീർന്നത് ഏകദേശം 7.00 മണിയോടെ ആയിരുന്നു. ചെറിയ തർക്കങ്ങൾ മൂലം ഫലപ്രഖ്യാപനം 8.00 വരെ വൈകി. ഫലമറിഞ്ഞതോടെ ജോർജ്ജ് പോളിനെയും, എം.ഒ. ജോണച്ചനേയും ഏലിയാ ചാപ്പലിൽ നിന്ന് അലങ്കരിച്ച ജീപ്പിൽ ആഘോഷമായി സമ്മേളന ഹാളിലേക്ക് ആനയിച്ചു. കാതോലിക്കാ ബാവായുടെ ഔദ്യോഗികമായ ഫലപ്രഖ്യാപനവും തെരഞ്ഞെടുക്കപ്പെട്ടവരെ ആദരിക്കലും കഴിഞ്ഞ് പരിപാടികൾ സമാപിച്ചപ്പോൾ ഏകദേശം രാത്രി 8.30 ആയി. കത്തീഡ്രലിലെ അംഗങ്ങൾ അവരുടെ മാതൃ ഇടവകയിലും, കേരളത്തിനു വെളിയിലുള്ള ഇടവകയിലുള്ള ബന്ധുക്കളിൽകൂടിയും ഇലക്ഷൻ പ്രചരണം നടത്തിയതും, മറ്റുള്ള ഭദ്രാസനങ്ങളിലെ അസോസ്സിയേഷൻ അംഗങ്ങളെ ഫോണിൽ ബന്ധപ്പെട്ടതും പ്രയോജനം കണ്ടിരുന്നു. കത്തീഡ്രൽ അംഗങ്ങളെല്ലാവരും തന്നെ ഏതെങ്കിലും വിധത്തിൽ അൽമായ ട്രസ്റ്റി തെരഞ്ഞെടുപ്പിൽ സഹായഹസ്തം നീട്ടിയിരുന്നു എന്നുള്ളത് പ്രസ്താവ്യമാണ്.

മാറ്റത്തിനുവേണ്ടി ആഹ്വാനം ചെയ്ത ഈ തെരഞ്ഞെടുപ്പ് മാറ്റത്തിനു മാത്രമല്ല, ഒരു മുന്നേറ്റത്തിനുംകൂടി സാക്ഷ്യം വഹിക്കുവാൻ ജോർജ്ജ് പോളിനെയും, എം.ഒ. ജോണച്ചനെയും ദൈവം സഹായിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.





**രണ്ട് പേർക്കും പാരിഷ് ന്യൂസിന്റെ ആശംസകൾ.** ■

### മാനേജിംഗ് കമ്മിറ്റിയിലേക്ക് നോമിനേറ്റു ചെയ്തു



നമ്മുടെ ഇടവകാംഗമായ സി.കെ. സണ്ണി ചെറുവത്തൂരിനെ കാതോലിക്കാ ബാവാ മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ മാനേജിംഗ് കമ്മിറ്റിയംഗമായി നോമിനേറ്റു ചെയ്തു.

**പാരിഷ്ന്യൂസിന്റെ ആശംസകൾ**




Editorial Board : K.K. George (94470 40484), V.N. Philipose, Mammen Abraham & Suma Mathew. Design & Lay-out: dittografix, Printed at Geo Printshop, Ernakulam
Website: www.stmarysorthodoxcathedralekm.org. Email: georgekaithayil@yahoo.com For Private Circulation only
Edited & Published by: K.K. George for St. Mary's Orthodox Cathedral, Ernakulam. Phone: 0484 2352490